**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2571** **05-11-2019-ൽ മറുപടിക്ക്**

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉൾപ്പെടെയുള്ള സംഗതികൾ ഉറപ്പ് വരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിട്ടുള്ള സമഗ്ര ക്യാമ്പയിൻ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികൾ കൈക്കൊണ്ട് വരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയിലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായാണ് "ഗ്രീൻകാർപ്പറ്റ്" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന "ബാരിയർ ഫ്രീ" ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്.<br><br>ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു. മാലിന്യ നീക്കത്തിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തി വരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും, ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) | പത്തിന അജണ്ടയിൽ ഊന്നൽ നൽകിയിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയ്ക്ക് ഉദ്ദേശ ലക്ഷ്യങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്<br>1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖര മാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും, സംസ്കരണവും. |

| | | | |
|---|---|---|---|
| | | | 2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും .<br>3. ശുദ്ധമായ കുടിവെള്ളവും, ഭക്ഷണവും<br>4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ.<br>5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ.<br>6. വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തൽ. അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.<br>7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും, പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.<br>8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം - തിരിച്ചറിയൽ കാർഡ്.<br>9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം<br>10. ടി കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം വിനോദസഞ്ചാരകേന്ദ്രങ്ങളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| **Thiruvananthapuram** | | **Thrissur** | |
|---|---|---|---|
| 1 | Akkulam | 1 | Athirappally |
| 2 | Aruvikkara | 2 | Peechi Dam |
| 3 | Kanakakunnu Palace | 3 | Poomala |
| 4 | Kappil Backwaters | 4 | Snehatheeram Beach |
| 5 | Kovalam | 5 | Thumboormuzhi Dam & Butterfly Park |
| 6 | Neyyar | 6 | Vazhani Dam |
| 7 | Ponmudi | 7 | Vilangan Kunnu |
| 8 | Shankumugham | **Palakkad** | |
| 9 | Varkala | 1 | Malampuzha |
| 10 | Veli Tourist Village | 2 | Kanjirapuzha |
| **Kollam** | | 3 | Velliam Kallu |
| 1 | Ashramam (Adventure park, Children's Park) | **Malappuram** | |
| 2 | Kollam Beach | 1 | Karuvarakkundu |
| 3 | Palaruvi | 2 | Kottakkunnu |
| 4 | Thenmala | 3 | Padinjarekkara Beach |
| **Pathanamthitta** | | **Kozhikode** | |
| 1 | Adavi | 1 | Kappad Beach |
| 2 | Aranmula | 2 | Sargaalaya |
| 3 | Konni | 3 | Sarovaram Biopark |
| 4 | Perumthenaruvi | 4 | Thusharagiri |
| **Alappuzha** | | 5 | Vadakara Sand Banks |
| 1 | Alappuzha Beach, Vijaya & Sea View Park | **Wayanad** | |
| 2 | Kayamkulam Boat Terminal | 1 | Edakkal Cave |
| 3 | Punnamada Finishing Point | 2 | Kanthanpara Waterfalls |
| 4 | Thottappally Spill Way | 3 | Karlad |
| **Kottayam** | | 4 | Kuruva Island |
| 1 | Kodimatha Park | 5 | Pookkode Lake |
| 2 | Kumarakom | 6 | Priyadarshini Tea Estate |

| Idukki | | Kannur | |
|---|---|---|---|
| 1 | Hill View Park | 1 | Chemballikundu |
| 2 | Mattupetty Dam | 2 | Dharmadam |
| 3 | Old Munnar Park | 3 | Meenkunnu |
| 4 | Ramakkalmedu | 4 | Overbury's Folly |
| 5 | Sree Narayanapuram | 5 | Paithan Mala |
| 6 | Thekkady | 6 | Palakkayam |
| 7 | Thommankuthu Ecotourism | 7 | Payyambalam |
| 8 | Vagamon | 8 | Pinarayi Padannakkara River Park |
| **Ernakulam** | | 9 | Puthiyangadi Choottad Beach |
| 1 | Bhothathankettu | 10 | Vellikeel |
| 2 | Cherai & Munambam | **Kasaragod** | |
| 3 | Ezhattumugham | 1 | Bekal |
| 4 | Fort Kochi | 2 | Ranipuram |
| 5 | Kuzhupilly | | |
| 6 | Malayattor & Manappaattu Chira | | |
| 7 | Marine Drive | | |
| 8 | Mattancherry | | |
| 9 | Muziris | | |

(signature)

സെക്ഷൻ ഓഫീസർ